# കേരള സർക്കാർ

**സംഗ്രഹം**

പബ്ലിക് റിലേഷൻസ് വകുപ്പ് – പത്രപ്രവർത്തകേതര ജീവക്കാരുടെ (നോൺ – ജേർണലിസ്റ്റ്) പെൻഷൻ പദ്ധതി – അംഗീകരിച്ച് ഉത്തരവാകുന്നു.

പൊതുഭരണം (പബ്ലിക് റിലേഷൻസ് – സി) വകുപ്പ്

സ.ഉ. (പി) നം. 2/2000/പി.ആർ. തീയതി, തിരുവനന്തപുരം, 2000 ഫെബ്രുവരി 4

സൂചന:– സ.ഉ (പി) 7/93/പി.ആർ. തീയതി 16.8.1993

**ഉത്തരവ്**

കേരളത്തിലെ പത്രപ്രവർത്തകർക്ക് സൂചനയിലെ ഉത്തരവ് പ്രകാരം ഒരു പെൻഷൻ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പത്രസ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന പത്രപ്രവർത്തകേതര ജീവനക്കാർക്കായി ഒരു പെൻഷൻ പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാരിൻെറ സജീവ പരിഗണനയിലുണ്ടായിരുന്നു. 1998–99 –ലെ ബഡ്ജററ് പ്രസംഗത്തിൽ പത്രപ്രവർത്തകർക്കായി മാത്രം നിലവിലുള്ള പെൻഷൻ ആനുകൂല്യം പത്രപ്രവർത്തകേതര (നോൺ–ജേർണലിസ്റ്റ്) ജീവനക്കാർക്കും ബാധകമാക്കാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു. ഇക്കാര്യം വിശദമായി പരിശോധിച്ചതിനു ശേഷം കേരളത്തിലെ പത്രസ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന പത്രപ്രവർത്തകേതര ജീവനക്കാർക്കായി ഒരു പെൻഷൻ പദ്ധതി താഴെപ്പറയുന്ന നിബന്ധനകളോടെ 1.1.2000 മുതൽ നടപ്പാക്കാൻ തീരുമാനിച്ച് ഉത്തരവാകുന്നു. ഈ പദ്ധതി പെൻഷൻ പ്രകാരം പ്രതിമാസ 1000 രൂപ ആയിരിക്കും.

ഈ പദ്ധതി പ്രകാരം പത്രപ്രവർത്തകേതര ജീവക്കാർ നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ച് അംഗമായി ചേരേണ്ടതും മാസന്തോറും ഒരു നിശ്ചിതതുക ഇതിനായുള്ള അക്കൗണ്ടിൽ നേരിട്ട് മാസവരിയായി അടയ്ക്കേണ്ടതുമാണ്. ഈ പദ്ധതിയുടെ നടത്തിപ്പിന് സർക്കാരിൻെറ പ്രാരംഭവിഹിതമായി 10 ലക്ഷം രൂപ അനുവദിക്കുന്നതാണ്. സർക്കാർ വിഹിതവും അംഗങ്ങളുടെ മാസവരിയും ഒരു പ്രത്യേ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതും റിട്ടേയർ ചെയ്യുന്ന നോൺ–ജേർണലിസ്റ്റുകൾക്ക് ഈ തുക വിനിയോഗിച്ച് പെൻഷൻ അനുവദിക്കുന്നതുമാണ്. അംഗങ്ങളടയ്ക്കുന്ന മാസവരി രേഖപ്പെടുത്തുന്നതിന് പാസ്ബുക്ക് സൂക്ഷിക്കേണ്ടതാണ്.

ഈ പെൻഷൻ പദ്ധതിയുടെ ആനുകൂല്യം നോൺ – ജേർണലിസ്റ്റുകളുടെ കുടുംബത്തിനും ലഭ്യമാക്കുന്നതാണ്. പെൻഷൻ ലഭിച്ചിരുന്ന ഒരു പത്രപ്രവർത്തകേതര ജീവനക്കാരൻ മരണപ്പെട്ടാൽ അദ്ദേഹത്തിൻെറ കുടുംബത്തിന് പെൻഷൻ 50 ശതമാനം ലഭിക്കുന്നതാണ്. ഇതിനായി കുടുംബത്തിലെ ഒരംഗത്തിനെ നോമിനേററ് ചെയ്യാവുന്നതാണ്.
മുഖ്യമന്ത്രി ചെയർമാനും പബ്ലിക് റിലേഷൻസ് ഡയറക്ടർ കൺവീനറും പത്രപ്രവർത്തകേതര ജീവക്കാരുടെ പ്രതിനിധികൾ അംഗങ്ങളായും ഉള്ള ഒരു സംസ്ഥാനതല മാനേജിംഗ് കമ്മിററി രൂപീകരിക്കുന്നതാണ്. അപേക്ഷകളിൽ അന്തിമ തീരുമാനങ്ങളെടുക്കുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും കാലാകാലങ്ങളിൽ പദ്ധതിക്കാവശ്യമായ മാററങ്ങൾ വരുത്തുന്നതിനും ഉള്ള അധികാരം ഈ കമ്മിററിക്കായിരിക്കും. ഒരു നോൺ–ജേർണലിസ്റ്റ് റിട്ടയർ ചെയ്യുന്നതിൻെറ അടുത്തമാസം മുതൽ പെൻഷൻ ലഭിക്കുന്നതാണ്. പെൻഷൻ മണിഓർഡർ ആയി അയയ്ക്കുന്നതാണ്.

പദ്ധതിയുടെ നിയമാവലി, അപേക്ഷ ഫാറം മുതലായവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എൽ.നടരാജൻ**
ഡയറക്ടർ ആൻറ് സെക്രട്ടറി

അക്കൗണ്ടൻറ് ജനറൽ ആഡിററ്/എ ആൻറ് ഇ, കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്. സി), വകുപ്പിന്. (30–12–1999 ലെ 3850 നമ്പർ കൗൺസിൽ തീരുമാനം)
ധനകാര്യ വകുപ്പിന്.
നിയമ വകുപ്പിന്.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും.
ജനറൽ സെക്രട്ടറി, കേരള പത്രപ്രവർത്തക യൂണിയൻ, തൃശൂർ
ജനറൽ സെക്രട്ടറി, കേരള ന്യൂസ്പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ

തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

# 2000 – ലെ കേരള സംസ്ഥാന ദിനപത്രപത്രപ്രവർത്തകേതര (നോൺ – ജേർണലിസ്റ്റ്) പെൻഷൻ പദ്ധതി

## ചട്ടങ്ങൾ

**1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും** – (1) ഈ ചട്ടങ്ങൾക്ക് 1999–ലെ കേരള സംസ്ഥാന ദിനപത്ര പത്രപ്രവർത്തകേതര (നോൺ–ജേർണലിസ്റ്റ്) പെൻഷൻ പദ്ധതി ചട്ടങ്ങൾ എന്ന പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ചട്ടങ്ങൾ 1–1–2000 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. 1–1–2000 ത്തിനു മുമ്പ് ജോലിയിൽ നിന്ന് വിരമിച്ചവർക്ക് ഇതിൻെറ ആനുകൂല്യം കിട്ടുന്നതല്ല. ജോലിയിൽ നിന്ന് വിരമിക്കുന്ന എല്ലാ ദിനപത്ര പത്രപ്രവർത്തകേതര വിഭാഗക്കാർക്കും (നോൺ–ജേർണലിസ്റ്റ്) ഈ ചട്ടങ്ങളിലെ മററു വ്യവസ്ഥകൾക്കു വിധേയമായി ഈ പദ്ധതി പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**2. ലക്ഷ്യങ്ങൾ** – കേരള സംസ്ഥാനത്തുനിന്നും പസിദ്ധീകരിക്കപ്പെടുന്ന ദിനപത്രങ്ങളിൽ നോൺ–ജേർണലിസ്റ്റു കളായി സേവനമനുഷ്ഠിച്ചശേഷം ജോലിയിൽ നിന്നു വിരമിക്കുന്നവരുടെയും അവരുടെ കുടുംബത്തിൻെറയും ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതു ലക്ഷ്യമാക്കി അവർക്ക് "കേരള സംസ്ഥാന ദിനപത്ര പത്രപ്രവർത്തകേതര (നോൺ –ജേർണലിസ്റ്റ്) പെൻഷൻ പദ്ധതി" എന്ന പേരിൽ ഒരു പെൻഷൻ പദ്ധതി ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.

**3. നിർവചനങ്ങൾ** – (എ) നോൺ–ജേർണലിസ്റ്റ് എന്നാൽ വേജ്ബോർഡിൻെറ പരിധിയിൽ വരുന്ന എല്ലാ പത്രസ്ഥാപനത്തിലും ജോലിചെയ്യുന്ന ജേർണലിസ്റ്റ് ഇതര ജീവനക്കാർ എന്നായിരിക്കും.

(ബി) "കുടുംബം" എന്നാൽ നോൺ ജേർണലിസ്റ്റ്, അയാളുടെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, ഇരുപത്തിയഞ്ച് വയസ് കവിയുകയോ വിവാഹിതിരാവുകയോ ചെയ്തിട്ടില്ലാത്ത അവരുടെ കുട്ടികൾ, ആശ്രയിച്ചു കഴിയുന്ന മാതാപിതാക്കൾ എന്നർഥമാകുന്നു.

(സി) "ഭരണസമിതി" എന്നാൽ 10–ാം ചട്ടപ്രകാരമുള്ള ഭരണസമിതി എന്നർഥമാകുന്നു.

(ഡി) "സേവനം" എന്നാൽ കേരള സംസ്ഥാനത്തു നിന്നും പ്രസിദ്ധീകരിക്കപ്പെടുന്ന ഒന്നോ ഒന്നിലധികമോ പത്രത്തിനുവേണ്ടി തുടർച്ചയായോ അല്ലെങ്കിൽ ഇടവേളകളോടുകൂടിയോ നോൺ–ജേർണലിസ്റ്റ് എന്ന നിലയിൽ ജോലി ചെയ്തിട്ടുള്ള മൊത്തം കാലയളവ് എന്നർഥമാകുന്നു.

(ഇ) "ജോലിയിൽ നിന്നു വിരമിക്കുക" എന്നാൽ ഏതെങ്കിലും സ്ഥാപനത്തിൽ നോൺ–ജേർണലിസ്റ്റായി സേവനം അനുഷ്ഠിച്ചുവരവെ ജോലിയിൽനിന്നു മുറപ്രകാരം റിട്ടയർ ചെയ്യുകയോ, സ്ഥാപനത്തിൻെറ പ്രവർത്തനം നിലച്ചുപോയതിനാൽ ജോലിയിൽ തുടരാൻ കഴിയാതെ പോകുകയോ ചെയ്യുക എന്നർഥമാകുന്നു.

(എഫ്) ''സ്ഥാപനം'' എന്നാൽ വർക്കിംഗ് ജേർണലിസ്റ്റ് ആക്ടിൻെറ കീഴിൽ വരുന്നതും കേരളസംസ്ഥാനത്തിനുള്ളിൽ നിന്നും 'എ' കാററഗറിയിലെങ്കിലുംപെടുന്ന ദിനപത്രങ്ങൽ പ്രസിദ്ധീകരിക്കുന്ന സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു. ഈവിനിങ്ങ് ഡെയിലി ഉൾപ്പെടെ കേരളത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ദിനപത്രസ്ഥാപനവും ഉൾപ്പെടുന്നതാണ്.

(ജി) "പദ്ധതി" എന്നാൽ ഈ ചട്ടങ്ങൾ പ്രകാരമുള്ള നോൺ–ജേർണലിസ്റ്റ് പെൻഷൻ പദ്ധതി എന്നർഥമാകുന്നു.

**4. അർഹത –** താഴെപ്പറുന്ന പ്രകാരമുള്ള ഏതൊരു നോൺ–ജേർണലിസ്റ്റിനും ഈ പദ്ധതിയിൻ കീഴിൽ പെൻഷന് അർഹതയുായിരിക്കുന്നതാണ്.

(1) തുടർച്ചയായോ അല്ലെങ്കിൽ ഇടവേളകളോടുകൂടിയോ കുറഞ്ഞത് 10 വർഷകാലത്തെ സേവനത്തിന് ശേഷം ജോലിയിൽ നിന്ന് വിരമിക്കുകയും ഈ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും ചെയ്യുന്ന ഒരാൾ.

(2) സ്ഥാപനം നിലച്ചുപോയതിനാലോ തൻേറതല്ലാത്ത കാരണത്തിലോ 10 വർഷകാലത്തെ സേവനം പൂർത്തിയാക്കാൻ കഴിയാതെ പോവുകയും, ജോലി ഇല്ലാതാകുകയും എന്നാൽ മൊത്തം അഞ്ചുവർഷത്തിൽ കുറയാതെയുള്ള കാലം ജോലിചെയ്യുകയും ഈ പദ്ധതിയിൽ അംഗമായിരിക്കുകയും ചെയ്യുന്ന ഒരാൾ.

എന്നാൽ ഈ ഉപചട്ടത്തിൽ പറഞ്ഞിരിക്കുന്ന ഒരാൾക്ക് ഈ ചട്ടങ്ങൽ പ്രകാരം അനുവദനീയമായ പെൻഷൻ തുകയുടെ 50 ശതമാനത്തിൽ കൂടുതൽ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

പത്രം നിലച്ചുപോകുന്ന സാഹചര്യത്തിൽ മാനേജ്മെൻറിൻെറ സർട്ടിഫിക്കററ് ഹാജരാക്കാൻ സാധിക്കാതെ വന്നാൽ മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ സർട്ടിഫിക്കററ് ഹാജരാക്കണം. അനാരോഗ്യം കാരണം പിരിഞ്ഞുപോയാൽ അപേക്ഷ ഡയറക്ടർ/ പ്രതിനിധി അന്വേഷണം നടത്തി രു മാസത്തിനകം കമ്മിററിയിൽ സമർപ്പിക്കണം. ഇപ്രകാരം അനുവദിക്കുന്ന പെൻഷൻ താല്ക്കാലികമായിരിക്കുന്നതും ഓരോ വർഷവും അപേക്ഷകന് 55 വയസാകുന്നതുവരെ പുനരവലോകനം ചെയ്യുന്നതുമാണ്.

കൂടാതെ ഈ പദ്ധതിയിൽ ഒരിക്കൽ അംഗമായി ചേരുകയും പെൻഷൻ ആനുകൂല്യങ്ങൾ നേടുകയും ചെയ്യുകയോ, ഇടയ്ക്കുവച്ച് അംഗത്വം നഷ്ടമാവുകയോ, ഉപേക്ഷിക്കുകയോ ചെയ്യുകയും ഈ ചട്ടങ്ങൾ പ്രകാരം ലഭ്യമായ പെൻഷൻ വാങ്ങുകയും ചെയ്ത ഒരാൾക്ക് വീും ഈ പദ്ധതിയിൽ അംഗമാവുകയോ പെൻഷന് അർഹരാകുകയോ ചെയ്യാവുന്നതല്ല.

**5.പെൻഷൻ നിധി** – (1) ഈ പദ്ധതി പ്രകാരമുള്ള പെൻഷൻ നൽകുന്നതിലേക്ക് ഒരു പെൻഷൻനിധി രൂപീകരിക്കേണ്ടതാണ്.

(2) നിധിയിൽ താഴെ പറയുന്നവ വരവുകൊള്ളിക്കേണ്ടതാണ് –

(എ) സർക്കാർ വിഹിതം.

(ബി) അംഗങ്ങൾ മാസം തോറും അടയ്ക്കുന്ന അംശാദായം

(സി) പത്രഉടമകളിൽനിന്നും ലഭിക്കുന്ന ഏതൊരു സംഭാവനയും.

(3) ചട്ടം 10 പ്രകാരമുള്ള ഭരണസമിതിയിൽ നിധി നിക്ഷിപ്തമായിരിക്കുന്നതും, പ്രസ്തുത ഭരണസമിതി ഈ പദ്ധതിപ്രകാരമുള്ള പെൻഷൻ നല്കുന്നതിന് അത് ഉപയോഗിക്കേണ്ടതുമാണ്.

6. ജേർണലിസ്റ്റ് **ഇതര ജീവനക്കാരെ അംഗമായി രജിസ്റ്റർ ചെയ്യൽ** – പതിനെട്ട് വയസ് പൂർത്തിയായിരിക്കുകയും ഒരു നോൺ –ജേർണലിസ്റ്റ് ആയി ജോലി ചെയ്യുകയും ചെയ്യുന്ന ഏതൊരാൾക്കും ഈ പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹതയുായിരിക്കുന്നതാണ്.

എന്നാൽ ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന സമയത്തു നോൺ–ജേർണലിസ്റ്റ് ആയിരിക്കുന്ന ഒരാൾ ഇത് പ്രാബല്യത്തിൽ വന്ന് ആറു മാസത്തിനകം, ഒരംഗമായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

പുതിയതായി ജോലിയിൽ പ്രവേശിക്കുന്നവർ പ്രത്യേക തസ്തികയിൽ കൺഫർമേഷൻ കിട്ടി ആറു മാസത്തിനകം അപേക്ഷിച്ചിരിക്കണം.

(2) അംഗമായി രജിസ്റ്റർചെയ്യുന്നതിനുള്ള അപേക്ഷ നിർദ്ദിഷ്ടഫാറത്തിൽ (അനുബന്ധം– 1) ഭരണസമിതിയുടെ കൺവീനർക്ക് നല്കേണ്ടതാണ്.

(3) ഓരോ അപേക്ഷയോടുമൊപ്പം, അപേക്ഷകൻ ജോലിചെയ്യുന്ന സ്ഥാപനത്തിൻെറ പേര്, അപക്ഷകൻെറ ജോലി, അയാൾ ജോലിയിൽ പ്രവേശിച്ച തീയതി,സ്ഥാപനത്തിലെ റെക്കാർഡ് പ്രകാരമുള്ള അയാളുടെ ജനനതീയതി എന്നിവ സംബന്ധിച്ച് അയാൾ ജോലിചെയ്യുന്ന സ്ഥാപനത്തിൻെറ ഉടമ നല്കിയിട്ടുള്ള ഒരു സ്റ്റേററ്മെൻറ് കൂടി വയ്ക്കേണ്ടതാണ്.

(4) ഈ ചട്ടങ്ങൾ പ്രകാരമുള്ള ഒരു അപേക്ഷ കൺവീനറോ അദ്ദേഹം അധികാരപ്പെടുത്തിയ ഒരു ഓഫീസറോ സ്വീകരിക്കേണ്ടതും, അപേക്ഷകൻെറ പേരും മററു വിവരങ്ങളും ഇതിലേയ്ക്കായി സൂക്ഷിച്ചിട്ടുള്ള അംഗത്വ രജിസ്റ്ററിൽ

ചേർക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

**7. അംഗത്വം സംബന്ധമായ പൊതുവ്യവസ്ഥകൾ** – (1) ഒരു അംഗത്തിന് അറുപതു വയസ് പൂർത്തിയാകുകയോ, അംഗമായശേഷം നാല്പ്പതു വർഷം പൂർത്തിയാകുകയോ, രണ്ടിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അപ്പോൾ, അയാൾക്ക് ഈ പദ്ധതി പ്രകാരമുള്ള പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) ഒരു അംഗം ഒരു വർഷത്തിൽ കുറയാത്ത കാലത്തേയ്ക്ക് ജോലിയിൽ ഏർപ്പെടാതിരിക്കുകയാണെങ്കിൽ അയാൾക്ക് ഈ പദ്ധതിയിൽ ഉള്ള അംഗത്വം സ്വമേധയാ റദ്ദായിപ്പോകുന്നതാണ്.

(3) ഒരു അംഗം തുടർച്ചയായി ആറുമാസത്തിൽ കൂടുതൽ കാലം അയാളുടെ അംശാദായം അടയ്ക്കാതിരിക്കുന്ന പക്ഷം അയാളുടെ അംഗത്വം സ്വമേധയാ റദ്ദായിപോകുന്നതാണ്.

എന്നാൽ, അയാൾക്ക് ജോലിയിൽ ഏർപ്പെടാനോ അംശാദായം അടയ്ക്കനോ കഴിയാതിരുന്നതു ന്യായമായ കാരണങ്ങളാലാണെന്ന് ബോധ്യപ്പെടുന്നപക്ഷം, അയാൾ നിധിയിലേയ്ക്കുള്ള അംശാദായകുടിശ്ശിക മുഴുവൻ അടച്ചു തീർത്തതിന്മേൽ, ഭരണസമിതി അയാളുടെ അംഗത്വം പുനഃസ്ഥാപിച്ചു കൊടുക്കേണ്ടതാണ്.

എന്നാൽ ഒരംഗത്തിന് മൂന്നുതവണയിൽ കൂടുതൽ ഇപ്രകാരം അംഗത്വം പുഃസ്ഥാപിച്ചു കൊടുക്കാവുന്നതല്ല.

(4) അംഗത്വം നഷ്ടപ്പെട്ട ഒരംഗത്തിന്, അയാൾ പദ്ധതിയിൽ അതുവരെ അടച്ചിട്ടുള്ള തുക, അയാൾ അംഗമല്ലാതായ തീയതി മുതൽ ഒരു വർഷത്തിനു ശേഷം മടക്കിക്കിട്ടാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

**8. നിധിയിലേക്കുള്ള അംശാദായം** – ഓരോ അംഗവും താഴെപ്പറയുന്ന പ്രകാരമുള്ള നിശ്ചിത തുക പ്രതിമാസം നിധിയിലേയ്ക്ക് അംശാദായമായി നല്കേണ്ടതാണ്.

(1) 18 വയസ് മുതൽ 35 വയസ് വരെ 25 രൂപ

(2) 36 വയസ് മുതൽ 45 വയസ് വരെ 30 രൂപ

(3) 46 വയസ് മുതൽ 60 വയസ് വരെ 40 രൂപ

9. **അംശാദായം സ്വീകരിക്കുന്ന വിധം** – (1) ഓരോ അംഗവും അയാൾ നിധിയിലേയ്ക്ക് നൽകേ അംശാദായം എല്ലാ മാസവും പത്താം തീയതിക്കു മുമ്പായി അയാൾ ജോലിചെയ്യുന്ന സ്ഥാപനം സ്ഥിതിചെയ്യുന്ന ജില്ലയിലെ ജില്ലാ ട്രഷറിയിൽ ഇതിലേയ്ക്കായി ഗവൺമെൻറ് തുറക്കുന്ന കേന്ദ്രീകൃത അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഒരംഗം ജോലിയിൽ പ്രവേശിച്ച തീയതി മുതൽ അംശാദായം അടയ്ക്കേണ്ടതാണ്. ഓരോ അംഗത്തിനും ഫോട്ടോ പതിച്ച പാസ്ബുക്ക് നല്കുന്നതാണ്. അതിൽ ഓരോ മാസവും അയാൾ അടയ്ക്കുന്ന തുകയും, തുക അടച്ച തീയതിയും, അതുവരെ അടച്ച ആകെ തുകയും രേഖപ്പെടുത്തിയിരിക്കണം.

പാസ് ബുക്കിൽ കാണിച്ചിട്ടുള്ള വിവരങ്ങൾ ഈ പദ്ധതി പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾ കണക്കാക്കുന്നതിനുള്ള അടിസ്ഥാനരേഖയും തെളിവും ആയി കണക്കാക്കുന്നതാണ്.

ഒരംഗത്തിന് പാസ് ബുക്ക് നഷ്ടപ്പെട്ടുപോകുന്ന സംഗതിയിൽ, വിലയായി 10 രൂപ വാങ്ങിയശേഷം, ഒരു ഡ്യൂപ്ലിക്കേററ് പാസ്ബുക്ക് നല്കുന്നതാണ്.

(2) ഓരോമാസവും അടയ്ക്കേണ്ട അംശാദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന ഒരംഗത്തിന്, കുടിശ്ശിക മുഴുവൻ പലിശസഹിതം ഒരുമിച്ച് അടച്ചുതീർക്കുന്നതിന് അവകാശമുണ്ടായിരിക്കും. എന്നാൽ തുടർച്ചയായി ആറുമാസത്തിൽ കൂടുതൽ കാലം വീഴ്ചവരുത്തുന്ന ഒരു അംഗത്തിന് ഈ അവകാശം ഉണ്ടായിരിക്കുന്നതല്ല.

**10. ഭരണസമിതി** – ഈ പദ്ധതിയുടെ നടത്തിപ്പിനു താഴെപറയുന്നവർ അടങ്ങുന്ന ഏഴ് അംഗങ്ങളിൽ കവിയാത്ത ഒരു ഭരണസമിതി ഉണ്ടായിരിക്കുന്നതാണ്.

(എ) മുഖ്യമന്ത്രി (ചെയർമാൻ)

(ബി) പബ്ലിക് റിലേഷൻസ് ഡയറക്ടർ (കൺവീനർ)

(സി) കമ്മീഷണർ & സെക്രട്ടറി (ധനകാര്യ വകുപ്പ്)

(ഡി) കമ്മീഷണർ & സെക്രട്ടറി (തൊഴിൽ വകുപ്പ്)

(ഇ) നോൺ –ജേർണലിസ്റ്റ് പ്രതിനിധികൾ.

**11. ഭരണസമിതിയുടെ അധികാരങ്ങൾ** – (1) പെൻഷൻ അപേക്ഷകൾ പരിഗണിച്ച് അർഹരായ അപേക്ഷകർക്ക് പെൻഷൻ അനുവദിക്കുക 16–ം 17–ം ചട്ടങ്ങൾ പ്രകാരം അപേക്ഷ നിരസിക്കുക. പുനരാലോചന ചെയ്യുക തുടങ്ങിയവ.

(2) ചട്ടം 7–ൽ പറയുന്ന പ്രകാരം അംഗത്വം നഷ്ടപ്പെട്ടവരുടെ അപേക്ഷകൾ പരിഗണിച്ച് അർഹരായവർക്ക് അംഗത്വം പുനഃസ്ഥാപിച്ച് കൊടുക്കുക.

(3) പദ്ധതിയുടെ കാലോചിതമായ വികസനം ആസൂത്രണം ചെയ്യുക.

**12. പെൻഷൻ തുക.** (1) പ്രതിമാസ പെൻഷൻ തുക ആയിരം രൂപയായിരിക്കുന്നതാണ്.

(2) മൂന്നുവർഷത്തിലൊരിക്കൽ ആവശ്യമെന്നു കണ്ടാൽ പെൻഷൻ തുകയും അംശാദായവും പുനർനിർണയം ചെയ്യാവുന്നതാണ്.

**13. സർക്കാർ സഹായം:** സർക്കാരിന്റെ സാമ്പത്തിക സഹായം 10 ലക്ഷം രൂപയായിരിക്കും.

**14. പെൻഷന് അപേക്ഷ നല്കുന്ന വിധം**– (1) ഒരംഗം, അയാൾക്ക് അറുപത് വയസ് തികയുകയോ അല്ലെങ്കിൽ അംഗമായശേഷം നാല്പതുവർഷം പൂർത്തിയാകുകയോ ചെയ്യാറാകുമ്പോൾ നിശ്ചിത ഫാറത്തിൽ (അനുബന്ധം–2) ഭരണസമിതിയുടെ കൺവീനർക്ക് അപേക്ഷ നല്കേണ്ടതാണ്. സാധാരണ ഗതിയിൽ അയാൾ തന്റെ റിട്ടർമെന്റിന് മൂന്നുമാസം മുമ്പ് പ്രസ്തുത അപക്ഷ നല്കിയിരിക്കണം.

അപേക്ഷയോടൊപ്പം, അയാൾ ജോലിചെയ്യുന്ന സ്ഥാപനത്തിന്റെ ഉയമയിൽ നിന്നോ, ജോലിചെയ്യുന്ന ജില്ലയിലെ വർക്കിങ് ജേർണലിസ്റ്റ് യൂണിയന്റെ പ്രസിഡന്റ് അല്ലെങ്കിൽ സെക്രട്ടറിയിൽ നിന്നോ വാങ്ങിയിട്ടുള്ള തൊഴിൽസർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേതാണ്.

(2) അംഗമായിരിക്കവെ മരിച്ചുപോയിട്ടുള്ളവരുടെ സംഗതിയിൽ കുടുംബത്തിന് കുടുംബപെൻഷന് അപേക്ഷ നല്കാവുന്നതാണ്.

**15. പെൻഷൻ അനുവദിക്കുന്ന വിധം** – (1) അപേക്ഷ ലഭിച്ചുകഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ ഭരണസമിതിയോ അത് അധികാരപ്പെടുത്തുന്ന ഉപസമിതിയോ അതു പരിഗണിച്ച് തീരുമാനം എടുക്കേതും അതനുസരിച്ചുള്ള ഒരു ഉത്തരവ് കൺവീനർ നല്കേണ്ടതുമാണ്.

(2) ഏതെങ്കിലും കാരണവശാൽ സമിതിക്ക് മേല്പ്പറഞ്ഞ ഒരു മാസത്തിനുള്ളിൽ യോഗം ചേരാൻ സാധിക്കാത്തപക്ഷം കൺവീനർക്ക് തനിക്ക് ഉത്തമബോദ്ധ്യമുള്ള അപക്ഷകളിന്മേൽ മൂന്നു മാസക്കാലത്തേക്ക് താത്കാലികമായി പെൻഷൻ അനുവദിച്ച് ഉത്തരവ് നല്കാവുന്നതാണ്. ഭരണസമിതിയുടെ തൊട്ടടുത്ത യോഗത്തിൽ തന്നെ താത്കാലിക പെൻഷൻ അനുവദിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിന്മേൽ തീരുമാനം എടുക്കേണ്ടതാണ്.

(3) ഭരണസമിതി തീരുമാനം എടുക്കുന്നത് ഏത് തീയതിയിൽ ആയാലും അപേക്ഷകൻ റിട്ടയർ ചെയ്ത് തീയതിക്ക് തൊട്ടടുത്ത മാസം ഒന്നാം തീയതി മുതൽ അയാൾക്ക് പെൻഷൻ അനുവദിക്കേണ്ടതാണ്.

**16. അപേക്ഷ നിരസിക്കൽ** – ഭരണസമിതിക്ക്, മതിയായ കാരണങ്ങളുന്നെ് കണ്ടാൽ ഏതൊരംഗത്തിനും പെൻഷൻ നിരസിക്കുവാനുള്ള അധികാരമുണ്ടായിരിക്കും. നിരസിക്കുവാനുള്ള കാരണം അപേക്ഷയിൽ രേഖപ്പെടുത്തുകയും അത് അപേക്ഷകനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

**17. പുനരാലോചന** – (1) നിരസിക്കപ്പെട്ട ഒരു അപക്ഷ സ്വമേധയായോ, മററുതരത്തിലോ പുനരാലോചനക്കെടുത്ത് പെൻഷൻ അനുവദിക്കാൻ ഭരണസമിതിക്ക് പൂർണമായ അധികാരം ഉണ്ടായിരിക്കും.

(2) നിരസിക്കപ്പെട്ട അപേക്ഷകന്, അപേക്ഷ നിരസിച്ച വിവരംകിട്ടി മൂന്ന് മാസത്തിനകം തൻെറ അപേക്ഷ പുനരാലോചിക്കണമെന്ന് ഭരണസമിതിയോട് രേഖാമൂലം അപേക്ഷിക്കാവുന്നതാണ്. ഭരണസമിതിയുടെ അതിന്മേലുള്ള തീരുമാനം അന്തിമമായിരിക്കും.

**18. കുടുംബപെൻഷൻ** – (1) പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്ക് മരണം സംഭവിച്ചാൽ അയാൾ വാങ്ങിക്കൊണ്ടിരിക്കുന്ന പെൻഷൻെറ അൻപത് ശതമാനം തുക കുടുംബപെൻഷനായി നല്കുന്നതാണ്.

**19. നാമനിർദേശം** – (1) ഓരോ അപക്ഷകനും അയാളുടെ കുടുംബത്തിലെ ഒരംഗത്തെ നാമനിർദേശം ചെയ്യേണ്ടതാണ്.

നോമിനിയുടെ പേര് അംഗത്വകാർഡിൽ രേഖപ്പെടുത്തേണ്ടതും അംഗത്വത്തിൻെറ മരണാനന്തരം തൊട്ടടുത്ത മാസം മുതൽ നോമിനിക്ക് പെൻഷൻ ലഭിക്കുന്നതുമാണ്. കുടുംബപെൻഷനുവേണ്ടി പ്രത്യേക അപേക്ഷ കൺവീനർക്ക് നല്കേണ്ടതാണ്. അപേക്ഷ ജില്ലാ ഇൻഫർമേഷൻ ഓഫീസർ വഴി പരിശോധിച്ച് തീർപ്പു കല്പിക്കേണ്ടതുമാണ്.

(2) സ്വന്തമായി കുടുംബം ഇല്ലാത്ത ഒരംഗത്തിന് തൻെറ ബന്ധുവോ സഹായിയോ ആയ ഏതൊരാളെയും നാമനിർദേശം ചെയ്യാവുന്നതാണ്. എന്നാൽ പിന്നീട് കുടുംബം ഉണ്ടാകുന്ന സംഗതിയിൽ അപ്രകാരമുള്ള നാമനിർദേശം സ്വമേധയാ റദ്ദാക്കുന്നതാണ്.

(3) ഒരിക്കൽ നാമനിർദേശം ചെയ്തുകഴിഞ്ഞാൽ അതിന് മാററം വരുത്താവുന്നതല്ല. എന്നാൽ നാമനിർദേശം ചെയ്യപ്പെട്ടയാൾ മരിച്ചുപോകുകയോ (2)–ാം ഉപചട്ടത്തിൽ പറഞ്ഞ പ്രകാരമുള്ള പ്രത്യേക സാഹചര്യങ്ങളിലോ ഭരണസമിതിക്ക് വീണ്ടുമുള്ള നാമനിർദേശം അനുവദിക്കാവുന്നതാണ്. ഇതിലേക്കുള്ള അപേക്ഷ കൺവീനർക്കും നല്കേണ്ടതാണ്.

**20. പണം നൽകൽ** –പെൻഷൻതുക എല്ലാമാസവും മണിഓർഡർ ആയി അയയ്ക്കുന്നതാണ്.

**21. പെൻഷൻ റദ്ദാക്കൽ** – പെൻഷൻ അനുവദിച്ചത് തെററായ കാരണങ്ങളിന്മേലാണെന്നോ, തെററായ വിവരങ്ങൾ നല്കി കബളിപ്പിച്ച് അനുവദിപ്പിച്ചതാണോ ഏതെങ്കിലും സമയത്ത് ബോധ്യപ്പെടുന്നപക്ഷം, ഭരണസമിതിക്ക്, അനുവധിച്ച പെൻഷൻ ഉടനടി റദ്ദാക്കാവുന്നതാണ്. ആ സംഗതിയിൽ വാങ്ങിയ തുക മുഴുവൻ അതു വാങ്ങിയ ആൾ തിരിച്ചടയ്ക്കുവാൻ ബാധ്യസ്ഥനാകുന്നതാണ്. എന്നാൽ ഒരാളുടെ പെൻഷൻ റദ്ദാക്കുന്നതിന് മുമ്പ്, അയാൾക്ക് പറയുവാനുള്ളത് പറയാനുള്ള അവസരം നല്കിയിരിക്കണം.

**22.. പദ്ധതി ഭേദഗതി ചെയ്യൽ** – ഗവൺമെൻറിന് സ്വമേധയായോ അല്ലെങ്കിൽ ഭരണസമിതിയുടെ ശുപാർശയിന്മേലോ ഈ ചട്ടങ്ങളിൽ, പിൻകാല പ്രബല്യത്തോടെയോ, മുൻകാല പ്രാബല്യത്തോടെയോ എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ ഭേദഗതി വരുത്തുകയോ, വ്യത്യാസം വരുത്തുകയോ ചെയ്യാവുന്നതാണ്.

23. **വ്യാഖ്യാനവും വിശദീകരണവും** – ഈ പദ്ധതി നടപ്പാക്കുന്നതിലോ, എന്തെിലും സംശയങ്ങൾ ഉണ്ടാക്കുകയോ, ഏതെങ്കിലും പ്രത്യേക കാര്യത്തെ സംബന്ധിച്ച് വിശദീകരണം ആവശ്യമായി വരികയോ ചെയ്യുന്ന പക്ഷം, ഭരണസമിതി അത് ഗവൺമെൻറിലേക്ക് റഫർ ചെയ്യേണ്ടതും അക്കാര്യത്തിൽ ഗവൺമെൻറിൻെറ തീരുമാനം അന്തിമ മായിരിക്കുന്നതുമാണ്.

**അനുബന്ധം 1**

## കേരള ദിനപത്ര പത്ര പ്രവർത്തകേതര (നോൺ–ജേർണലിസ്റ്റ്) പെൻഷൻ പദ്ധതി – അംഗമായി ചേരുന്നതിനുള്ള അപേക്ഷാഫാറം

(ചട്ടം 6–ഉം, ചട്ടം 7–ഉം കാണുക)

1. അപേക്ഷകൻെറ പൂർണ്ണമായ പേരും മേൽവിലാസവും :

2. അപേക്ഷകൻെറ ജോലിചെയ്യുന്ന സ്ഥാപനത്തിൻെറ പേരും മേൽവിലാസവും :

3. അപേക്ഷകൻെറ പ്രായവും ജനനതീയതിയും :

4. ജോലി/ തസ്തികയുടെ പേര് :

5. അപേക്ഷകൻ ജോലിയിൽ പ്രവേശിച്ച തീയതിയും മൊത്തം സർവീസും :

6. മററു പത്രസ്ഥാപനങ്ങളിൽ മുൻകാല സർവ്വീസ് വല്ലതുമുണ്ടെങ്കിൽ അതിൻെറ പൂർണവിവരങ്ങൾ :

7. മരണാനന്തര അപേക്ഷകനു കിട്ടേണ്ടിയിരിക്കുന്ന തുകകൾക്കും കുടുംബപെൻഷനും അവകാശിയായി നാമനിർദേശം ചെയ്യപ്പെടുന്ന വ്യക്തിയുടെ പൂർണമായ പേരും മേൽവിലാസവും, പ്രസ്തുത വ്യക്തിയുമായി അപേക്ഷകനുള്ള ബന്ധവും :

മുകളിൽ കൊടുത്തിട്ടുള്ള എല്ലാ വിവരങ്ങളും എൻെറ വിശ്വാസപ്രകാരം സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി : അപേക്ഷകൻെറ ഒപ്പ്

### അനുബന്ധം 3

## കേരള ദിനപത്ര പത്രപ്രവർത്തകേതര (നോൺ–ജേർണലിസ്റ്റ്) പെൻഷൻ പദ്ധതി

(ചട്ടം 14 കാണുക)

പത്രസ്ഥാപനം/ നോൺ–ജേർണലിസ്റ്റ് യൂണിയൻ
ജില്ലാ പ്രസിഡൻറ്/ ജനറൽ സെക്രട്ടറി നല്കുന്ന റിപ്പോർട്ട്

ശ്രീ ശ്രീമതി ......................................................................................................................................ൻെറ/യുടെ അപേക്ഷാഫാറത്തിൽ നല്കിയിട്ടുള്ള വിവരങ്ങളെ സംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തിയശേഷം ഞാൻ താഴെക്കാണുന്ന റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

1. അപേക്ഷകൻ കേരള നോൺ–ജേർണലിസ്റ്റ് പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ട്.

2. അപേക്ഷകൻ ഇപ്പോൾ ....................................................................................................................... എന്ന സ്ഥാപനത്തിൽ തൊഴിൽചെയ്തു വരികയാണ്.

3. അപേക്ഷകൻ ഹാജരാക്കിയിട്ടുള്ളതോ മററുതരത്തിൽ സ്വീകാര്യമോ ആയ റിക്കാർഡുകൾ (ഏതെന്ന് വ്യക്തമാക്കണം) പ്രകാരം അപേക്ഷകൻെറ പ്രായം ............................................... ആകുന്നു.

4. അപേക്ഷകൻ നല്കിയിട്ടുള്ള മററു വിവരങ്ങൾ ശരിയാണ്/ ശരിയല്ല.

5. മററെന്തെങ്കിലും അഭിപ്രായം ഉണ്ടെങ്കിൽ അത്.

ഒപ്പ്:

പേര്:

മേൽവിലാസം:

സ്ഥലം:

തീയതി: (ഓഫീസ് മുദ്ര)

**കേരള ദിനപത്ര പത്ര പ്രവർത്തകേതര (നോൺ–ജേർണലിസ്റ്റ്)**
**പെൻഷൻ പദ്ധതി**

**പെൻഷൻ അനുവദിച്ചുകിട്ടുന്നതിനുള്ള അപേക്ഷാഫാറം**

(ചട്ടം 14 കാണുക)

1. അപേക്ഷകൻെറ പൂർണ്ണമായ പേര് :

2. പ്രായവും ജനനതീയതിയും

3. പൂർണ്ണമായ മേൽവിലാസം :

4.. ഇപ്പോൾ ജോലിചെയ്യുന്ന സ്ഥാപനത്തിൻെറ പേരും മേൽവിലാസവും :

5. ജോലിയുടെ പേര് :

6.. ജോലി/തസ്തികയിൽ പ്രവേശിച്ച തീയതി :

7. റിട്ടയർ ചെയ്യേണ്ട തീയതി :

8. മുകളിൽ കൊടുത്തിട്ടുള്ള എല്ലാ വിവരങ്ങളും എൻെറ ഉത്തമ വിശ്വാസപ്രകാരം സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:
തീയതി : അപേക്ഷകൻെറ ഒപ്പ്

കുറിപ്പ്: ജനനതീയതി തെളിയിക്കുവാനുള്ള ആധികാരികപ്രമാണങ്ങൾ ഏതെങ്കിലും ഹാജരാക്കേണ്ടതാണ്.